പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. * 116 — 30.01.2018-ൽ മറുപടിക്ക്

## വയൽ നികത്തി വീട് നിർമ്മാണം

ചോദ്യം — ഉത്തരം

ശ്രീ.വി.ആർ. സുനിൽ കുമാർ
ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീമതി. ഗീതാ ഗോപി
ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2008-ന് മുമ്പ് നികത്തുകിടക്കുന്നതും വില്ലേജ് റിക്കാർഡുകളിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് അനുമതി നല്കിക്കൊണ്ടുള്ള ഉത്തരവ് ബഹു. ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ; | (എ) | 22.12.2016-ൽ പുറപ്പെടുവിച്ച 46848/ പി1/16/റവ നമ്പർ സർക്കുലർ, 13194/17-ാം നമ്പർ കേസിലെ 20.08.2017-ലെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ ബഹു. ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ട്. |
| (ബി) | ഈ സാഹചര്യത്തിൽ വീട് നിർമ്മാണത്തിനുള്ള അനുമതി നൽകുന്ന തിന് എന്ത് നടപടിയാണ് സ്വീകരിക്കുന്ന തെന്നറിയിക്കുമോ; | (ബി) | 2008-ന് മുമ്പ് നികത്തുകിടക്കുന്നതും വില്ലേജ് റിക്കാർഡുകളിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് അനുമതി നൽകുന്ന തിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി 41/2017-ാം നമ്പർ ഓർഡിനൻസ് മുഖേന 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. |
| (സി) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് പ്രകാരം തയ്യാറാക്കിയ ഡാറ്റാബാങ്കിൽ തെറ്റായി ഉൾപ്പെട്ടിട്ടുള്ള വിവരങ്ങൾ തിരുത്തുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഡാറ്റാബാങ്കിൽ തെറ്റായി ഉൾപ്പെടുത്തി യിട്ടുള്ള വിവരങ്ങൾ തിരുത്തുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടത്തിൽ 30.05.2017-ലെ 301/2017-ാം നമ്പർ വിജ്ഞാപനം മുഖേന ഭേദഗതി വരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**